കേരള സാഹിത്യ അക്കാദമി
തൃശൂർ

# സവർണരീതിശാസ്ത്രം വേരുറപ്പിക്കുന്നു

## പ്രൊഫ.എം.വി.നാരായണൻ

തൃശൂർ : അപരനെ അവഗണിക്കുക മാത്രമല്ല, ഭീകരമായി ആക്രമിക്കുകയും അടിച്ചമർത്തുകയും ചെയ്യുന്ന പ്രാകൃതമായ സാംസ്കാരികവും രാഷ്ട്രീയവുമായ അവസ്ഥയിലേക്കാണ് ഇന്ത്യ അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുന്നതെന്ന് പ്രൊഫ.എം.വി.നാരായണൻ പറഞ്ഞു. സവർണമായ രീതിശാസ്ത്രം സമൂഹത്തിൽ കൂടുതൽ വേരുറപ്പിക്കുന്നത് നാം കാണാതിരുന്നുകൂടാ. വർത്തമാനത്തെ നഷ്ടപ്പെടുത്താതെ തന്നെ ഭൂതകാലത്തിന്റെ നന്മകളെ സ്വീകരിക്കാനും നാം ശ്രമിക്കേണ്ടതുണ്ട്. അതിലൂടെ മാത്രമേ ഈ പ്രതിസന്ധിയെ നേരിടാനാവൂ എന്നും അദ്ദേഹം വ്യക്തമാക്കി. കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് നടത്തിയ സംസ്കാരവിമർശം സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

മാനവികവിഷയങ്ങളെല്ലാം വായനയിൽനിന്നും സർവകലാശാലയിൽനിന്നും പടിയിറങ്ങുന്ന കാലമാണിതെന്ന് അധ്യക്ഷപ്രസംഗത്തിൽ അക്കാദമി നിർവാഹകസമിതിയംഗം പ്രൊഫ.എം.എം.നാരായണൻ പറഞ്ഞു. വിശ്വപ്രസിദ്ധമായ സർവകലാശാലകളിൽപോലും ഇതാണവസ്ഥ. അപക്വമായ അഭിരുചികളെയും ചപല സ്വഭാവങ്ങളെയും വിൽപനച്ചരക്കാക്കുന്ന കമ്പോളസംസ്കാരം മേധാവിത്വം നേടുകയാണ്. വായനയുടെ വൈവിധ്യവൽകരണം നടക്കുന്നുണ്ടെങ്കിലും സാംസ്കാരികമുന്നേറ്റത്തിനും ഇത് വേണ്ടത്ര സഹായകമാവുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ ഭരണവ്യവസ്ഥയിൽ ആഭ്യന്തരകൊളോണിയലിസം അട്ടിമറികൾ സൃഷ്ടിക്കുകയും കീഴാളശക്തികളെ കൂടുതൽ ദുർബലരാക്കുകയുമാണ് ചെയ്യുന്നതെന്ന് അക്കാദമി നിർവാഹകസമിതിയംഗം കെ.ഇ.എൻ. പറഞ്ഞു. അംബേദ്കർ, ശ്രീനാരായണഗുരു തുടങ്ങി കീഴാളവർഗം ഉയർത്തിപ്പിടിക്കേണ്ടതെല്ലാം ആഭ്യന്തരകൊളോണിയലിസത്തിന്റെ ശക്തികളാണ് എടുത്തുപയോഗിക്കുന്നത്. ജനസമൂഹത്തിന്റെ പ്രതിരോധശേഷി വർധിപ്പിച്ചുകൊണ്ട് മാത്രമേ ജനാധിപത്യവും മാനവികതയും സംരക്ഷിക്കാനാവൂ എന്നും അദ്ദേഹം പറഞ്ഞു. അജു നാരായണൻ, എൻ.അജയകുമാർ എന്നിവരും സംസാരിച്ചു. അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ സ്വാഗതവും പുഷ്പജൻ കനാരത്ത് നന്ദിയും പറഞ്ഞു.

പി.ഭാസ്കരൻ, ഒ.എൻ.വി., യൂസഫലി കേച്ചേരി എന്നിവരെ അനുസ്മരിച്ച് അക്കാദമി നിർവാഹകസമിതിയംഗം ആലങ്കോട് ലീലാകൃഷ്ണൻ പ്രഭാഷണം നടത്തി. തുടർന്ന് തുടി കൾച്ചറൽ ഫോറത്തിന്റെ സഹകരണത്തോടെ ഗാനാർച്ചന നടന്നു. പി.ഭാസ്കരൻ, ഒ.എൻ.വി., യൂസഫലി കേച്ചേരി എന്നിവർക്ക് സമർപ്പണമായി നടത്തിയ ഗാനാർച്ചനയിൽ വി.ടി.മുരളി, അറയ്ക്കൽ നന്ദകുമാർ, മഹിതാവർമ എന്നിവർ പങ്കെടുത്തു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

തൃശൂർ
03.04.2017